(സി) 2014-15 വർഷം തരിശായിക്കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 11,500 രൂപ സബ്സിഡി നൽകി 1550 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ കുട്ടനാട് പ്രദേശത്തേയ്ക്കായി തരിശുനില നെൽകൃഷി വികസനത്തിനായി ഹെക്ടറൊന്നിന് 30,000 രൂപ സബ്സിഡി നൽകി 166.67 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിവരുന്നു.

കർഷക സേവനകേന്ദ്രങ്ങളും ജൈവകൃഷിയും

175 (T*3460) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി മുഖ്യ വ്യാപനത്തിനും എന്തെല്ലാം പദ്ധതികളാണ് വകുപ്പുതലത്തിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കർഷക സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തന മേഖലയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) എന്ത് തുക ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ്, കേന്ദ്രസർക്കാർ, ത്രിതല പഞ്ചായത്ത് എന്നിവയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. സംസ്ഥാനത്ത് കൃഷി

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുവരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നൽകി ഘട്ടം ഘട്ടമായി 2016 വർഷത്തോടെ ജൈവകൃഷിയിലേയ്ക്ക് മാറി, സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളിലെയും ഓരോ പഞ്ചായത്തുകളിലും കാർഷിക വികസന സമിതി അംഗങ്ങൾ, കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി യോഗങ്ങൾ വിളിച്ചുകൂട്ടി. ഇതിനുപുറമേ ഓരോ നിയോജക മണ്ഡലത്തിലും ജൈവകൃഷിയിലേയ്ക്ക് മാറുവാനുള്ള കർമ്മ പരിപാടിയുടെ രൂപീകരണത്തിനായി ഓരോ പഞ്ചായത്തിലും എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ മേഖലാ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ നടന്നുവരുന്നു. കർഷകരെ ബോധവത്ക്കരിക്കുന്നതിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവകൃഷി വ്യാപനത്തിനായി ബോധവത്ക്കരണം, മാതൃകാ കൃഷിത്തോട്ട നിർമ്മാണം, ക്ലസ്റ്ററുകളിലൂടെ ജൈവകൃഷി, വെർമികമ്പോസ്റ്റ്, റ്റർൽ കമ്പോസ്റ്റ് എന്നിവയിലൂടെ ജൈവ വളം നിർമ്മാണം എന്നീ പരിപാടികളിലൂടെ പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന പല പദ്ധതികളും ഗ്രാമപഞ്ചായത്തുകളിൽ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം, വിളവ്യാപനം, തോട്ടവിളകളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങളുടെ നിർമ്മാണം, സംരക്ഷിത കൃഷി വിളകളിൽ പരാഗണം പ്രാവർത്തികമാക്കുവാൻ തേനീച്ച വളർത്തലിന് ധനസഹായം എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടും. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവകൃഷിവ്യാപനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് നിലവിലുള്ളത്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012-13-ൽ 35 കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർത്തിരിക്കുന്നു:

ജില്ല	ബ്ലോക്ക്
തിരുവനന്തപുരം-2	കഴക്കൂട്ടം, പാറശ്ശാല
കൊല്ലം-2	പത്തനാപുരം, ചടയമംഗലം
പത്തനംതിട്ട-2	റാന്നി, കോന്നി
ആലപ്പുഴ-2	കായംകുളം, ചെങ്ങന്നൂർ
കോട്ടയം-2	പള്ളം, ഉഴവൂർ
ഇടുക്കി-2	തൊടുപുഴ, ഇടുക്കി
എറണാകുളം-3	കോതമംഗലം, പാമ്പക്കുട, ആലങ്ങാട്
തൃശ്ശൂർ-3	പഴയന്നൂർ, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി
പാലക്കാട്-2	മലമ്പുഴ, പട്ടാമ്പി
മലപ്പുറം-3	പെരിന്തൽമണ്ണ, കുറ്റിപ്പുറം, പെരുമ്പടപ്പ്
കോഴിക്കോട്-4	പേരാമ്പ്ര, മേലാടി, കുന്നുമ്മേൽ, കൊടുവള്ളി
വയനാട്-3	കല്പറ്റ, മാനന്തവാടി, അമ്പലവയൽ
കണ്ണൂർ-3	കുത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ
കാസർഗോഡ്-2	നീലേശ്വരം, മഞ്ചേശ്വരം

ഇവ കൂടാതെ 2014-15-ൽ 50 കർഷക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 1. കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് കാർഷിക പ്രവൃത്തിയിൽ പരിജ്ഞാനമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലി ചെലവും കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട ഉല്പാദനോപാധികളും സാങ്കേതിക വിദ്യയും ഒരു കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുക.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗകീടങ്ങൾ എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടി സ്വീകരിക്കുവാൻ സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ട്രില്ലർ എന്നീ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് ഈ സേവന കേന്ദ്രങ്ങളിൽ നൽകുന്നു. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലയിലുമുള്ള യുവാക്കൾക്ക് താല്പര്യവും പ്രാഗത്ഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവരസാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു.

(ഡി) വിവിധ പദ്ധതികളിലായി കർഷക സേവന കേന്ദ്രങ്ങൾക്ക് 1270 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി വ്യാപനത്തിനായി കർഷകർക്ക് നൽകുന്ന ധനസഹായം

176 (3461) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വ്യാപനത്തിനായി സർക്കാർ കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായം പെർമിറ്റ് സിസ്റ്റത്തിലൂടെ ലഭ്യമാക്കിയപ്പോൾ യഥാസമയം ലഭിച്ചിരുന്നത് നിലവിൽ ഇ-പേമെന്റ് നടപ്പാക്കിയതോടെ വിളവെടുപ്പിനുശേഷം മാത്രം ലഭിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാരണത്താൽ കൃഷിച്ചെലവ് ആവശ്യമായ അപേക്ഷകർക്ക് ഈ ധനസഹായം ലഭിക്കാത്ത സ്ഥിതിയുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നെൽകൃഷി വ്യാപനത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ പ്രകാരം പ്രതി ഹെക്ടറിന് എത്ര രൂക കർഷകർക്ക് നൽകിവരുന്നുണ്ട് എന്ന് വിശദമാക്കുമോ ; ആയത് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly